**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട 02.07.2019 ലെ മറുപടിയ്ക്ക്.
ചോദ്യം നം. 532

## പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പുകളുടെ പദ്ധതി വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ,**<br>**,, എം. ഉമ്മർ,**<br>**,, സി. മമ്മൂട്ടി,**<br>**,, കെ.എം.ഷാജി** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പുകളുടെ പദ്ധതി വിഹിതം യഥാക്രമം 20%, 14% വീതം കുറയ്ക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ) | ഈ സാമ്പത്തിക വർഷം (2019-20) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം കുറവ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയ തുക പൂർണ്ണമായും അർഹരായവർക്ക് നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അർഹത സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഊരുകൂട്ടങ്ങളാണ് ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തുന്നത്. എല്ലാ ഗുണഭോക്താക്കൾക്കും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBTS) മുഖേന ബാങ്ക് അക്കൗണ്ട് വഴിയാണ് ധനസഹായം അനുവദിക്കുന്നത്.<br><br>ഇതിനുപുറമെ സോഷ്യൽ ആഡിറ്റ് സമ്പ്രദായവും നിലവിൽ ഉള്ളതിനാൽ പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലംഎം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രളയാനന്തരകേരളം കെട്ടിപ്പടുക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസനഫണ്ട് വെട്ടിക്കുറയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം ആരാണ് മുന്നോട്ട് വച്ചതെന്നറിയിക്കാമോ; വിശദമാക്കാമോ? | (സി) | 2018-19 വർഷം സംസ്ഥാന പദ്ധതിയിൽ പൊതുവെ 20% വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസനവകുപ്പ് 20 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പ് 14 ശതമാനവും കുറവ് പദ്ധതിയിൽ വരുത്തിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം എന്നീ മേഖലകളിലെ പദ്ധതികളിൽ ഒരു കുറവും വരുത്തിയിട്ടില്ല എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ പൊതുവെ 20% കുറവ് വരുത്തുന്നതിനായി മറ്റു പദ്ധതികളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ